ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ആദ്യത്തെ പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്ലാന്റ് കൊച്ചി നഗരസഭയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. നഗരസഭകൾ 140 ടണ്ണോളം അതീവ ഹാനികരമായ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് കിലോയ്ക്ക് 2 രൂപ നിരക്കിൽ പുനഃചംക്രമണത്തിനായി ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണം, റീസൈക്ലിംഗ് സംബന്ധിച്ച് ശുചിത്വ മിഷൻ തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് മുവടെ പറയുന്ന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് :

1. സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും അതുപോലെ ഗ്രാമപഞ്ചായത്തുകൾ/ ഗ്രാമപഞ്ചായത്തുകളുടെ ക്ലസ്റ്റർ തലത്തിൽ അജൈവ മാലിന്യം (വിശിഷ്യാ പ്ലാസ്റ്റിക് മാലിന്യം) ശേഖരിച്ച്, തരംതിരിച്ച്, പുനരുപയോഗം/പുനഃചംക്രമണത്തിന് കൈമാറുന്നതിനായി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കേണ്ടതാണ്.

2. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ചിട്ടയായി നടത്തുന്നതിന് വേണ്ട ഉചിതമായ ബിസിനസ് മാതൃക (വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്നതിനും തരം തിരിക്കുന്നതിനും റീസൈക്ലേഴ്സിന് കൈമാറുന്നതിനും) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തീരുമാനിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്തെ നിലവിലുള്ള അനുകരണീയ മാതൃകകളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ശുചിത്വ മിഷന്റെ പദ്ധതിയിൽ ഇക്കാര്യത്തിലുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി/റിസോഴ്സ് റിക്കവറി സെന്റർ എന്നിവ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകിവരുന്നു.

(സി) എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തി ഇതിന് പരിഹാരം കാണുവാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കുട്ടനാട് പാക്കേജ് നടത്തിപ്പ്

21 (*291) ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവധി അവസാനിച്ച കുട്ടനാട് പാക്കേജിന്റെ ഇനിയുള്ള നടത്തിപ്പ് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കട്ടനാട് പാക്കേജിനായി കേന്ദ്രം വാഗ്ദാനം ചെയ്തതും ലഭ്യമാക്കിയതും സംസ്ഥാനം ചെലവഴിച്ചതുമായ ഫണ്ട് സംബന്ധിച്ച് വിശദമാക്കാമോ ;

(സി) കട്ടനാട് പാക്കേജ് നടത്തിപ്പിലെ വീഴ്ചകൊണ്ട് കേരളത്തിന് കേന്ദ്ര വിഹിതം നഷ്ടമായി എന്ന ആരോപണം സംബന്ധിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇനിയുള്ള പദ്ധതിച്ചെലവ് സംസ്ഥാനം വഹിക്കണമെന്ന കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്നും, എങ്കിൽ എന്ത് തീരുമാനം കൈക്കൊള്ളുമെന്നും വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും 12-9-2014-നും 14-9-2014-നും 7-10-2014-നും 16-10-2014-നും കട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ടി കത്തുകളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി കട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനായി 13-11-2014-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ മാർച്ച് 2015 വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ ഡിസംബർ 2016 വരെയും പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടി നൽകുകയുണ്ടായി. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കട്ടനാട് പാക്കേജിനായി കേന്ദ്രം വാഗ്ദാനം ചെയ്ത 1840.4 കോടി രൂപയിൽ 1268.563 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 575.48 കോടി രൂപ റിലീസ് ചെയ്യുകയും ആയതിൽ നാളിതുവരെ 507.801 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്.

(സി) കട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നത്. കുട്ടനാട് പാക്കേജിന് കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന് കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്രജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ സ്കീമിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ സ്കീമിൽ പദ്ധതികളുടെ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനുള്ള ആദ്യ ഗഡുവിനായി കേന്ദ്ര ജല കമ്മീഷന് അപേക്ഷ നൽകുകയും സംസ്ഥാന വിഹിതമായി 13.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ച 300 കോടി രൂപയിൽ ബാക്കിയുള്ള 96.62 കോടി രൂപ കേന്ദ്ര സർക്കാർ റിലീസ് ചെയ്താലെ ടി പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ട്. സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

ജൈവകൃഷി വ്യാപനം

22 (*292) ശ്രീമതി കെ. എസ്. സലീഖ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ജൈവകൃഷി വ്യാപനത്തിന് എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ നടപടികളിലൂടെ ജൈവകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly